ഉണ്ടെങ്കിൽ പ്രസ്തുത ഇക വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ബി) വിതരണം ചെയ്യാനുള്ള ഇക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഇക അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷകർക്ക് അനുവദിച്ച ഇക എന്ന് വിതരണം ചെയ്യുമെന്നറിയിക്കുമോ?

ഉത്തരം

(എ) കുറച്ചുപേർക്ക് ഇക ഇനിയും വിതരണം ചെയ്യാനുണ്ട്. ഇക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായത്തിൽ വിതരണം ചെയ്യാനുള്ള ഇകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

(സി&ഡി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഗുണഭോക്താക്കൾക്ക് ഇക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്കും ധന സഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം

84 (85) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ്, റബ്ബർ വിലിയിടിവ്, കേരളത്തിലെ റെയിൽവേ വികസനം എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം ആവശ്യങ്ങളാണ് പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയങ്ങളിൽ എന്തെങ്കിലും അനുകൂല തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) പുതിയ കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ ?

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കട്ടനാട് പാക്കേജിന്റെ കാലാവധി രണ്ട് വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്:

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽനിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആകൃതി ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30-5-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിക്കും, മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു. തുടർന്ന് 9-7-2014-ന് അവതരിപ്പിക്കപ്പെടുന്ന റയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹുമാനപ്പെട്ട എം.പി.മാരോടും

റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ഇടർന്ന് 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റ നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൻഗണന നൽകിയും അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഇടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ് എന്ന് 13-11-2014-ലെ കത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി

85 (86) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി ഇതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly